# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ: *289**

**07.10.2016 – ൽ**
**മറുപടിക്ക്**

## വിത്ത് ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിത്ത് സംരക്ഷിക്കുന്നതിന് വിത്ത് ബാങ്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) പരമ്പരാഗത വിള ഇനങ്ങളുടെ സംരക്ഷണം, വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉല്പാദനം, ക്രയോ പ്രിസർവേഷൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയുള്ള വിത്ത് ബാങ്ക് രൂപീകരണം എന്നിവയുള്ള പദ്ധതി സജീവ പരിഗണനയിലുണ്ട്. 2016-17 – ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പാരമ്പര്യ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരം വിത്തുകളാണ് ഇതിനായി തെരെഞ്ഞെടുക്കുന്നത്; | ബി) കേരളത്തിൽ പ്രചാരണത്തിലുണ്ടായിരുന്ന ലഭ്യമായിട്ടുള്ള നാടൻ നെല്ലിനങ്ങളുടെയും ചെറുധാന്യങ്ങളുടെയും വിത്തുകളാണ് പ്രാഥമികമായി തിരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്. വയനാട് ജില്ലയിലെ ജീരകശാല, ഗന്ധകശാല ഉൾപ്പെടുന്ന 35 വിവിധ പരമ്പരാഗത വിത്തിനങ്ങൾ, എറണാകുളം ജില്ലയിലെ പൊക്കാളി നെല്ലിനങ്ങൾ, തൃശ്ശൂർ ജില്ലയിലെ രക്തശാലി, ഇടുക്കി ജില്ലയിലെ പാൽത്തോണി തുടങ്ങി കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ലഭ്യമായ എല്ലാ നാടൻ ജനുസ്സുകളും കണ്ടെത്തി അവ സംരക്ഷിക്കുന്നതിനും കർഷകർക്ക് ലഭ്യമാക്കുന്നതിനാവശ്യവുമായ പ്രവർത്തനമാണ് വിത്ത് ബാങ്കിലൂടെ ലക്ഷ്യമിടുന്നത്. |
| സി) വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ? | സി) വിത്ത് ബാങ്ക് സ്ഥാപിക്കുന്നതിന് 3 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി വരുന്നു. പ്രാരംഭമായി നാടൻ നെല്ലിനങ്ങൾ കണ്ടെത്തി തിരിച്ചറിയാനും അവ കൃഷി ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്ന കർഷകരെ കണ്ടെത്താനും കൃഷി ഭവനുകളുടെ സഹായത്തോടെ കർഷകർക്ക് ലഭ്യമാക്കുവാനും ഉദ്ദേശിക്കുന്നു. തുടർന്ന് കേരളത്തിന്റെ തനത് വിള ഇനങ്ങൾ കണ്ടെത്തുവാനും സംരക്ഷിക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ